REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 01-06-2024 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- ഏഴാമത്തെയും അവസാനത്തെയും ഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിൽ 57 മണ്ഡലങ്ങൾ അല്പസമയത്തിനകം പോളിംഗ് ബൂത്തിലേക്ക്.
- വോട്ടെടുപ്പ് പൂർത്തിയായ ശേഷം വൈകിട്ട് എക്സിറ്റ്പോൾ ഫലങ്ങൾ പുറത്തു വരും.
- കന്യാകുമാരിയിലെ വിവേകാനന്ദപ്പാറയിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ 45 മണിക്കൂർ ഏകാന്ത ധ്യാനം വൈകിട്ട് സമാപിക്കും.
- ഇടുക്കി അടക്കം ജില്ലകളിൽ കാലവർഷം ശക്തമായി.
- കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ നിന്ന് ഹജ്ജ് യാത്രയ്ക്ക് തുടക്കമായി.
- ഒൻപതാമത് ട്വന്റി-20 ക്രിക്കറ്റ് ലോകകപ്പിന് ഇന്ത്യൻ സമയം നാളെ പുലർച്ചെ ആറിന് അമേരിക്കയിൽ തുടക്കമാകും.

## വാർത്തകൾ വിശദമായി

**ഏഴാമത്തെയും അവസാനത്തെയും ഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിൽ 57 മണ്ഡലങ്ങൾ അല്പസമയത്തിനകം പോളിംഗ് ബൂത്തിലേക്ക്. വോട്ടെടുപ്പ് രാവിലെ ഏഴു മുതൽ വൈകിട്ട് ആറ് വരെയാണ്. ഇതോടെ ഏപ്രിൽ 19 ന് ആരംഭിച്ച ലോക്സഭാ തിരഞ്ഞെടുപ്പിലെ വോട്ടെടുപ്പ് പൂർത്തിയാകും.**

**ഡെസ്ക് റിപ്പോർട്ട്.**

-----------------(വോയ്സ്)----------------

ഏഴു സംസ്ഥാനങ്ങളിലെ 56 സീറ്റിലും ചണ്ഡിഗഢിലെ ഒരു സീറ്റിലുമാണ് അവസാനഘട്ടത്തിൽ ഇന്ന് ജനവിധി രേഖപ്പെടുത്തുന്നത്. ഈ ഘട്ടത്തിൽ പത്ത് കോടി 60 ലക്ഷത്തിലേറെ വോട്ടർമാരുണ്ട്. ആറു ഘട്ടങ്ങളിലായി 486 ലോക്സഭാ സീറ്റുകളിൽ ഇതിനകം വോട്ടെടുപ്പ് പൂർത്തിയായി.

ഉത്തർപ്രദേശിലും, പഞ്ചാബിലും 13 വീതം സീറ്റുകളിലും, പശ്ചിമബംഗാളിൽ ഒൻപതിടത്തും, ബിഹാറിൽ എട്ട് മണ്ഡലങ്ങളിലും, ഒഡീഷയിൽ ആറും, ഹിമാചലിൽ നാലും, ജാർഖണ്ഡിൽ മൂന്നും സീറ്റുകളിലാണ് വോട്ടെടുപ്പ്. ഒഡീഷയിലെ ശേഷിക്കുന്ന 42 നിയമസഭാ സീറ്റുകളിലും ഇതോടൊപ്പം വോട്ടെടുപ്പ് നടക്കും. എല്ലാ ഘട്ടങ്ങളും വൈകിട്ട് പൂർത്തിയാകുന്നതോടെ എക്സിറ്റ്പോൾ പ്രവചനങ്ങൾ വാർത്താചാനലുകൾ സംപ്രേഷണം ചെയ്യും.

പ്രധാനമന്ത്രി നരേന്ദ്രമോദി, കേന്ദ്രമന്ത്രി അനുരാഗ് സിംഗ് ഠാക്കൂർ, രവിശങ്കർ പ്രസാദ്, കോൺഗ്രസ് നേതാക്കളായ മനീഷ് തിവാരി, വിക്രമാദിത്യ സിംഗ്, RJD നേതാവ് മിസാഭാരതി, TMC നേതാവ് അഭിഷേക് ബാനർജി തുടങ്ങിയവർ ഈ ഘട്ടത്തിൽ ജനവിധി തേടുന്ന പ്രമുഖരിൽ ചിലരാണ്.

ചൊവ്വാഴ്ചയാണ് എല്ലാ മണ്ഡലങ്ങളിലെയും വോട്ടെണ്ണൽ.

✪✪✪

പുതുതായി തിരഞ്ഞെടുക്കുന്ന സാമാജികരെ പാർലമെന്റിലേക്ക് സ്വാഗതം ചെയ്യാൻ ലോക്സഭാ സെക്രട്ടേറിയറ്റ് വിപുലമായ സജ്ജീകരണങ്ങൾ ഒരുക്കി. പുതിയ അംഗങ്ങളുടെ രജിസ്ട്രേഷൻ ഓൺലൈൻ ഇന്റഗ്രേറ്റഡ് സോഫ്റ്റ്‌വെയർ ആപ്ലിക്കേഷൻ വഴിയായിരിക്കും. ഈ മാസം 5 മുതൽ 14 വരെ ശനി, ഞായർ ദിവസങ്ങളിൽ ഉൾപ്പെടെ രജിസ്ട്രേഷൻ തുടരും. ഇതിന്റെ നടപടികൾ പൂർണമായും കടലാസ് രഹിതമായിരിക്കും.

✪✪✪

കന്യാകുമാരിയിലെ വിവേകാനന്ദപ്പാറയിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ 45 മണിക്കൂർ ഏകാന്ത ധ്യാനം വൈകിട്ട് സമാപിക്കും. വ്യാഴാഴ്ച വൈകിട്ട് ധ്യാനം ആരംഭിച്ച അദ്ദേഹം ഇന്നലെ സൂര്യപൂജയും നടത്തി. ഇന്ന് വൈകിട്ട് തിരുവള്ളൂർ പ്രതിമയിൽ ആദരമർപ്പിച്ച ശേഷമായിരിക്കും ധ്യാനം അവസാനിപ്പിക്കുക. തുടർന്ന്

ഹെലികോപ്ടറിൽ തിരുവനന്തപുരത്തെത്തുന്ന പ്രധാനമന്ത്രി വിമാനത്തിൽ ഡൽഹിയിലേക്ക് മടങ്ങും.

✪✪✪

കഴിഞ്ഞ സാമ്പത്തിക വർഷത്തെ നാലാംപാദ GDP വളർച്ചാ നിരക്ക് ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ ശക്തമായ മുന്നേറ്റം കാണിക്കുന്നുവെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി വിലയിരുത്തി. കഴിഞ്ഞ സാമ്പത്തിക വർഷത്തെ 8.2 ശതമാനം വളർച്ച ആഗോളതലത്തിൽ അതിവേഗം വളരുന്ന പ്രധാന സമ്പദ്‌വ്യവസ്ഥയായി ഇന്ത്യ തുടരുന്നു എന്നതിന്റെ ഉദാഹരണമാണെന്ന് അദ്ദേഹം സാമൂഹ്യ മാധ്യമ പോസ്റ്റിൽ കുറിച്ചു. ഈ നേട്ടത്തിൽ രാജ്യത്തെ പൗരന്മാർക്ക് പ്രധാനമന്ത്രി നന്ദി പറഞ്ഞു.

നാലാംപാദ GDP വളർച്ചയെ BJPഅധ്യക്ഷൻ J.P നദ്ദയും പ്രശംസിച്ചു. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ദീർഘവീക്ഷണ നേതൃത്വത്തിന് കീഴിൽ രാജ്യത്തെ സമ്പദ്‌വ്യവസ്ഥ അഭിവൃദ്ധി പ്രാപിക്കുന്നുവെന്നതിന്റെ തെളിവാണിതെന്ന് നദ്ദ സാമൂഹ്യ മാധ്യമ പോസ്റ്റിൽ പറഞ്ഞു.

✪✪✪

നാഗ്പൂരിലെ രണ്ട് കാലാവസ്ഥാ നിലയങ്ങൾ ഇന്നലെ 50 ഡിഗ്രി സെൽഷ്യസിന് മുകളിൽ താപനില റിപ്പോർട്ട് ചെയ്തത് സാങ്കേതിക തകരാർ കാരണമാണെന്ന് കേന്ദ്രമന്ത്രി കിരൺ റിജിജു അറിയിച്ചു. നാഗ്പൂരിലെ ഈ നിലയങ്ങൾ 54 ഡിഗ്രിയിലേറെ താപനിലയാണ് രേഖപ്പെടുത്തിയത്. ഇലക്ട്രോണിക് സെൻസറുകളിലുണ്ടായ തകരാറാണ് ഇതിന് കാരണമെന്ന് പൂനെയിലെ കാലാവസ്ഥാ കേന്ദ്രം അറിയിച്ചു.

നഗരത്തിൽ ഇന്നലെ പരമാവധി താപനില 44 ഡിഗ്രി മുതൽ 45 ഡിഗ്രി വരെ ആയിരുന്നുവെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി.

✪✪✪

ലൈംഗികാതിക്രമ കേസിൽ കർണാടകയിലെ ഹാസൻ M.P പ്രജ്വൽ രേവണ്ണയെ ആറുദിവസം പ്രത്യേക അന്വേഷണ സംഘത്തിന്റെ കസ്റ്റഡിയിൽ വിട്ടു. ബംഗലൂരു 42-ാം അഡീഷണൽ ചീഫ് മെട്രോപൊളിറ്റൻ മജിസ്ട്രേറ്റ് കോടതിയുടേതാണ് നടപടി. ബംഗലൂരുവിലെ കേംപഗൗഡ വിമാനത്താവളത്തിൽ നിന്ന് ഇന്നലെ പുലർച്ചെയാണ് പ്രത്യേക അന്വേഷണസംഘം പ്രജ്വലിനെ അറസ്റ്റ് ചെയ്തത്.

✪✪✪

ലണ്ടനിൽ സൂക്ഷിച്ചിരുന്ന 100 ടൺ സ്വർണം റിസർവ് ബാങ്ക് രാജ്യത്തെത്തിച്ചു. സ്വന്തം ശേഖരത്തിലെ ഭൂരിഭാഗം സ്വർണവും ഇന്ത്യയിൽതന്നെ സൂക്ഷിക്കുകയെന്ന തീരുമാനം റിസർവ് ബാങ്കിന്റെ സാമ്പത്തികനയത്തിലെ സുപ്രധാന മാറ്റംകൂടിയാണ്. മാർച്ച് 31 വരെ റിസർവ് ബാങ്കിന്റെ കണക്കുകൾ പ്രകാരം 822 ലേറെ ടൺ സ്വർണം രാജ്യത്ത് സൂക്ഷിച്ചിട്ടുണ്ട്.

✪✪✪

പരിശീലനം പൂർത്തിയാക്കിയ 475 പോലീസ് കോൺസ്റ്റബി ൾ മാരുടെ പാസിംഗ് ഔട്ട് പരേഡ് രാവിലെ മലപ്പുറം MSP ബറ്റാലിയൻ പരേഡ് ഗ്രൗണ്ടിൽ നടക്കും. സംസ്ഥാന പോലീസ് മേധാവി ഡോ. ഷെയ്ക് ദർവേഷ് സാഹെബ് സേനാംഗങ്ങളുടെ അഭിവാദ്യം സ്വീകരിക്കും. പരിശീലന കാലയളവിൽ വിവിധ വിഭാഗങ്ങളിൽ മികവ് പുലർത്തിയ സേനാംഗങ്ങൾക്ക് DGP ട്രോഫികൾ വിതരണം ചെയ്യും.

✪✪✪

ഇടുക്കി അടക്കം ജില്ലകളിൽ കാലവർഷം ശക്തമായി. എന്നാൽ വടക്കൻ ജില്ലകളിൽ ഇന്നലെ ചിലയിടങ്ങളിൽ മാത്രമാണ് മഴയുണ്ടായത്. ഇന്ന് അഞ്ച് ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. വയനാട്, കോഴിക്കോട്, മലപ്പുറം, ഇടുക്കി, എറണാകുളം ജില്ലകളിലാണ് മുന്നറിയിപ്പ്.

തെക്കൻ കേരള - ലക്ഷദ്വീപ് തീരങ്ങളിൽ മീൻപിടുത്തത്തിന് വിലക്കുണ്ട്.

തെക്കുകിഴക്കൻ അറബിക്കടലിൽ കേരള തീരത്തിന് അരികെ ചക്രവാതച്ചുഴി രൂപപ്പെട്ടതിന്റെ ഫലമായി കേരള തീരത്ത് ശക്തമായ പടിഞ്ഞാറൻ കാറ്റ് നിലനിൽക്കുന്നതായും കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. ഇന്നും നാളെയും ശക്തമായ മഴയ്ക്ക് സാധ്യതയുണ്ട്.

✪✪✪

ഇടുക്കി ജില്ലയിൽ കാലവർഷം കനത്തു. അറക്കുളം, വെള്ളിയാമറ്റം പഞ്ചായത്തുകളിൽ ഉരുൾപൊട്ടി. ഇടിയോട് കൂടിയുണ്ടായ കനത്ത മഴയിൽ വ്യാപക നാശനഷ്ടം സംഭവിച്ചതായി റിപ്പോർട്ടുകൾ പറയുന്നു. നിരവധിയിടങ്ങളിൽ മണ്ണിടിച്ചിലും ഉരുൾപൊട്ടലുമുണ്ടായി.

കരിപ്പിലങ്ങാട്, വീടിന് മുകളിലേക്ക് മണ്ണിടിഞ്ഞുവീണു. വീട്ടിലുണ്ടായിരുന്ന യുവതി അത്ഭുതകരമായി രക്ഷപെട്ടു. മണ്ണിൽ കുടുങ്ങിയ അനുജമോളെ അഗ്നിരക്ഷാ സേന രക്ഷിച്ച് ആശുപത്രിയിലെത്തിച്ചു.

തൊടുപുഴ പുളിയന്മല സംസ്ഥാന പാതയിൽ കരിപ്പലിങ്ങാടിന് സമീപവും, നാടുകാണിയിലും കാറുകൾക്ക് മുകളിലേയ്ക്ക് മണ്ണിടിഞ്ഞു വീണു. കാർ യാത്രക്കാർക്ക് പരിക്കില്ല. ഇതേ തുടർന്ന് സംസ്ഥാന പാതയിൽ മണിക്കൂറുകളോളം ഗതാഗതം തടസപ്പെട്ടു. പലയിടത്തും അപകമേഖലയിൽ നിന്ന് ആളുകളെ രക്ഷപ്പെടുത്തി ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറ്റി.

കനത്ത മഴയുടെ പശ്ചാത്തലത്തിൽ ഇടുക്കി ജില്ലയിലെ രാത്രിയാത്ര നിരോധിച്ചു. മലയോര മേഖലകളിൽ മാത്രമല്ല ജില്ലയൊട്ടാകെ രാത്രി യാത്രയ്ക്ക് നിരോധനമുണ്ട്.

✪✪✪

ഇടുക്കി കരിപ്പിലങ്ങാട്ടിൽ മണ്ണിടിച്ചിലുണ്ടായ പ്രദേശം മന്ത്രി റോഷി അഗസ്റ്റിൻ സന്ദർശിച്ചു. എല്ലാവരും ജാഗ്രത പുലർത്തണമെന്നും ജില്ലാഭരണകൂടത്തിന്റെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. റോഡിലെ മണ്ണും മരങ്ങളും നീക്കി ഗതാഗതം പുനഃസ്ഥാപിക്കാൻ ശ്രമം തുടരുകയാണ്.

✪✪✪

കനത്ത നീരൊഴുക്കിനെ തുടർന്ന് മലങ്കര ഡാമിന്റെ നാലു ഷട്ടറുകൾ ഒരു മീറ്റർ വരെ ഉയർത്തി. ആവശ്യമെങ്കിൽ ഷട്ടറുകൾ കൂടുതൽ ഉയർത്താനും കളക്ടർ അനുമതി നൽകി. തൊടുപുഴ, മൂവാറ്റുപുഴ ആറുകളുടെ തീരങ്ങളിൽ താമസിക്കുന്നവർക്ക് ജാഗ്രതാ നിർദ്ദേശം നൽകിയിട്ടുണ്ട്.

✪✪✪

കഴിഞ്ഞ മാസം കോഴിക്കോട് ജില്ലയിൽ 28 മീൻപിടുത്തത്തൊഴിലാളികളെ കടലിൽ നിന്ന് രക്ഷപ്പെടുത്തിയതായി ഫിഷറീസ് വകുപ്പ് അറിയിച്ചു. തകരാർ സംഭവിച്ച അഞ്ച് ബോട്ടുകളും കരയിലെത്തിച്ചു.

✪✪✪

കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ നിന്ന് ഹജ്ജ് യാത്രയ്ക്ക് തുടക്കമായി. പുലർച്ചെ 376 പേരുമായി സൗദി അറേബ്യൻ എയർലൈൻസിന്റെ ജംബോ വിമാനം ഫ്ലാഗ് ഓഫ് ചെയ്തു.

✪✪✪

കണ്ണൂർ ഹജ്ജ് ഹൗസ് നിർമ്മാണത്തിന് സ്ഥലം കൈമാറാൻ നടപടി ആരംഭിച്ചതായി മന്ത്രി V അബ്ദു റഹ്മാൻ പറഞ്ഞു. കണ്ണൂർ എംബാർക്കേഷൻ പോയിന്റിലെ ഹജ്ജ് ക്യാമ്പ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

കേരളത്തിലെ രണ്ടാമത്തെ ഹജ്ജ് ഹൗസ് കണ്ണൂരിൽ തന്നെ ആയിരിക്കുമെന്ന് മന്ത്രി വ്യക്തമാക്കി. കണ്ണൂർ എയർപോർട്ട് അതോറിറ്റിയുടെ ഭൂമി കൈമാറാൻ ധാരണയായിട്ടുണ്ട്. ഈ വർഷത്തെ ഹജ്ജ് നടപടികൾ പൂർത്തീകരിച്ച ഉടൻ ഹജ്ജ് ഹൗസ് നിർമ്മാണത്തിന് നടപടി തുടങ്ങും.

✪✪✪

അധ്യാപകർ വിദ്യാർഥികളിലേക്ക് അറിവ് കുത്തി നിറയ്ക്കുന്ന യാന്ത്രികരീതി അവസാനിപ്പിക്കണമെന്ന് മന്ത്രി ഡോ. R. ബിന്ദു അഭിപ്രായപ്പെട്ടു. പഠിതാവിനെ കേന്ദ്രീകരിക്കുന്ന കാഴ്ചപ്പാടാണ് നാലു വർഷ ബിരുദ പ്രോഗ്രാമുകൾക്ക് വേണ്ടതെന്നും മന്ത്രി കണ്ണൂരിൽ പറഞ്ഞു.

✪✪✪

ഒൻപതാമത് ട്വന്റി-20 ക്രിക്കറ്റ് ലോകകപ്പിന് ഇന്ത്യൻ സമയം നാളെ പുലർച്ചെ അമേരിക്കയിൽ തുടക്കമാകും. ഉദ്ഘാടന മത്സരത്തിൽ ആതിഥേയരായ US, കാനഡയെ നേരിടും. ബുധനാഴ്ച അയർലണ്ടിനെതിരെയാണ് ഇന്ത്യയുടെ ആദ്യമത്സരം. ജൂൺ ഒൻപതിന് ഇന്ത്യ- പാകിസ്ഥാൻ മത്സരം നടക്കും.

ഇന്ത്യ- ബംഗ്ലാദേശ് സന്നാഹ മത്സരം ഇന്ന് രാത്രി എട്ടിന് ആരംഭിക്കും. ന്യൂയോർക്കിലെ നാസൊ കൗണ്ടി സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

കൊട്ടാരക്കര താലൂക്ക് ഓഫീസിൽ തഹസിൽദാർ അടക്കം ഉദ്യോഗസ്ഥർ കൈക്കൂലി വാങ്ങിയെന്ന പരാതിയിൽ മൂന്ന് പേരെ സസ്പെൻഡ് ചെയ്തു. മന്ത്രി K രാജൻ നിയോഗിച്ച അന്വേഷണ ഉദ്യോഗസ്ഥരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നടപടി.

തഹസിൽദാർ അജികുമാർ, ഡെപ്യൂട്ടി തഹസിൽദാർ അനിൽകുമാർ, ഡ്രൈവർ മനോജ് എന്നിവരെയാണ് സസ്പെൻഡ് ചെയ്തത്. ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന ഡ്രൈവർ മനോജിനെ പിരിച്ചു വിടാനും മന്ത്രി നിർദ്ദേശം നൽകി.

✪✪✪

സംസ്ഥാനത്തെ മെഡിക്കൽ കോളജുകളിൽ പുതിയ പ്രിൻസിപ്പൽമാരെ നിയമിച്ചു. കഴിഞ്ഞ മാസവും, ഇന്നലെയുമായി വിരമിച്ചവർക്ക് പകരമാണ് പുതിയ നിയമനം. കോഴിക്കോട് മെഡിക്കൽ കോളജ് പ്രിൻസിപ്പലായിരുന്ന ഡോ. അശോകനെ തൃശൂർ മെഡിക്കൽ കോളജിലേക്ക് മാറ്റി നിയമിച്ചു. മഞ്ചേരി മെഡിക്കൽ കോളജിലെ ഡോ. സജിത്കുമാറാണ് കോഴിക്കോട് മെഡിക്കൽ കോളജ് പ്രിൻസിപ്പൽ.

✪✪✪

ഉത്തരകേരള കവിതാ സാഹിത്യ വേദിയുടെയും ഗാന്ധി സാഹിത്യ വേദിയുടെയും സ്ഥാപകനായ കണ്ണൂർ പള്ളിക്കുന്നിലെ കവിയൂർ രാഘവൻ നിര്യാതനായി. 80 വയസ്സായിരുന്നു. മൃതദേഹം ഉച്ചയ്ക്ക് കണ്ണൂർ സ്റ്റേഡിയം കോർണറിൽ പൊതു ദർശനത്തിന് വെയ്ക്കും. തുടർന്ന് പയ്യാമ്പലത്ത് സംസ്കരിക്കും.

✪✪✪

കുടുംബശ്രീയുടെ 'അരങ്ങ് 2024' കലോത്സവത്തിന്റെ കോഴിക്കോട് ജില്ലാതല മത്സരത്തിൽ കോഴിക്കോട് ക്ലസ്റ്റർ മുന്നേറുന്നു. അവർക്ക് 85 പോയിന്റുണ്ട്.

✪✪✪